**2010 മെയ് 9**

# പെന്തിക്കോസ്തിക്കുശേഷം അഞ്ചാം ഞായർ

## യോഹ 16:16-24

**ഫാ. മാത്യു പി. ഫ്രാൻസിസ്**

കാരുണ്യവാനായ ദൈവം മനുഷ്യനെ തേടിയിറങ്ങി വന്ന ചരിത്രമാണ് രക്ഷാകര വ്യാപാരങ്ങളിൽ നാം ദർശിക്കുന്നത്. ദൈവത്തിന്റെ പ്രത്യേകത എന്നത് എല്ലാ കാലങ്ങളിലും എല്ലാ സമയത്തും മനുഷ്യന് ദൈവം സംലഭ്യനാണ് എന്നുള്ളതാണ്. ഇമ്മാനുവേലായി മനുഷ്യരൂപംപൂണ്ട ദൈവം തന്റെ പീഢാസഹന മരണങ്ങളാൽ മനുഷ്യ കുലത്തിന്റെ പാപത്തിന് പരിഹാരം ചെയ്യുകയും എഴുതപ്പെട്ടിരിക്കുന്ന പ്രകാരം മരിച്ചു അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർക്കുകയും മരണത്തെ കീഴടക്കുകയും ചെയ്തു. ഉയിർത്ത കർത്താവ് സ്വർഗാരോഹണം ചെയ്യും മുമ്പ് തന്റെ സഹായകനായ പരിശുദ്ധാത്മാവിനെ അയയ്ക്കുകയും സഭയിലൂടെ ദൈവത്തിന്റെ രക്ഷയെ സ്വീകരിക്കുവാൻ പരിശുദ്ധാത്മാവിലൂടെ ദൈവം നമ്മെ ഒരുക്കുകയും ചെയ്തു. പരിശുദ്ധാത്മാവാണ് സകല കാര്യങ്ങളും പൂർത്തീകരിക്കുന്നതും പവിത്രീകരിക്കുന്നതും. നാം കർത്താവിന്റെ സ്വർഗ്ഗാരോഹണം അനുസ്മരിക്കുവാൻ ഒരുങ്ങുന്ന കാലമാണെല്ലോ. സ്വർഗ്ഗാരോഹണത്തിന് ശേഷം പരിശുദ്ധാത്മാവിനെ സ്വീകരിക്കുവാനുള്ള കാത്തിരിപ്പ് കാലത്തിലേക്കും നാം പ്രവേശിക്കുന്നു. ഇന്നത്തെ സുവിശേഷത്തിൽ കർത്താവ് തന്റെ മരണത്തിന് മുൻപ് സഹായകനെ വാഗ്ദാനം ചെയ്യുന്ന സദ്വാർത്ത നാം വായിക്കുന്നു.

കർത്താവിന്റെ മരണം ശിഷ്യ സമൂഹത്തിൽ ശൂന്യത സൃഷ്ടിക്കുമെന്ന് കർത്താവിന് അറിയാമായിരുന്നു. കർത്താവിന്റെ വാക്കുകൾ ശരിയായി ഗ്രഹിക്കാത്തത് മൂലം അല്പ കാലത്തേക്കെങ്കിലും ശിഷ്യർക്ക് പ്രത്യാശ നഷ്ടമാകുന്നു. അതുകൊണ്ടാണ് അല്പ സമയത്തേക്ക് നിങ്ങൾ എന്നെ കാണുകയില്ല എന്നും അപ്പോൾ നിങ്ങൾക്ക് ദുഃഖം ഉണ്ടാകും എന്നും എന്നാൽ അല്പസമയം കഴിയുമ്പോൾ നിങ്ങൾ വീണ്ടും എന്നെ കാണുകയും സന്തോഷിക്കുകയും ചെയ്യും എന്നും പറയുന്നത്. കർത്താവിന്റെ സാന്നിദ്ധ്യം നഷ്ടമാകുന്ന ഒരു സമയവുമില്ല. എന്നാൽ ശാരീരിക നേത്രങ്ങൾക്ക് ഒരുപക്ഷെ അവനെ കാണുവാൻ കഴിയാത്ത സമയമുണ്ടാകും. പക്ഷെ അപ്പോഴും എമ്മാവൂസിലേതുപോലെ ഒരു സഹയാത്രികനായി അവൻ നമ്മുടെ കൂടെക്കാണുന്നു. ക്രിസ്തുവിന്റെ സാന്നിദ്ധ്യം ക്രൈസ്തവൻ അനുഭവിച്ചറിയേണ്ടത് നഗ്നനേത്രങ്ങൾ കൊണ്ടല്ല, പിന്നെയോ ഹൃദയത്തിലെ ഒരു മാറാത്ത സാന്നിദ്ധ്യമായി അവനെ നാം അനുഭവിക്കണം. അതുകൊണ്ടാണ് ക്രിസ്തു പറഞ്ഞത് കാണാതെ വിശ്വസിക്കുന്നവരാണ് ഭാഗ്യവാൻമാരെന്ന്.

ശിഷ്യരുടെ ജീവിതത്തിൽ പലപ്പോഴും കർത്താവിന്റെ യഥാർത്ഥ സാന്നിദ്ധ്യം തിരിച്ചറിയാത്ത അവസ്ഥകൾ ഉണ്ടായിട്ടുണ്ട്. അപ്പോഴൊക്കെ അവർക്ക് തകർച്ചയും ദുഃഖവും വന്നിട്ടുണ്ട്. വിരോധാഭാസമെന്ന് പറയട്ടെ അപ്പോഴെല്ലാം ലോകം അവനെ തിരിച്ചറിഞ്ഞിട്ടുണ്ട്. കുരിശിൻ ചുവട്ടിൽ വിജാതീയ ശതാധിപൻ ക്രിസ്തുവിനെ യഥാർഥത്തിൽ തിരിച്ചറിഞ്ഞ് രക്ഷ പ്രാപിച്ചു. ക്രിസ്തു ആകട്ടെ തിരിച്ചറിയാത്തവരെ കൂടി തിരിച്ചറിവിന്റെ വെളിച്ചത്തിലേക്ക് തിരികെ കൊണ്ട് വരുന്നു. ദുഃഖ വെള്ളിയിൽ ദുഃഖിച്ചവരെ ഈസ്റ്ററിന്റെ സന്തോഷം കൊണ്ട് നിറയ്ക്കുന്നു. എമ്മാവൂസിന്റെ ഇരുട്ടിലാണ്ടവരെ വെളിച്ചത്തിന്റെ ജറുസലേമിലേക്കും അവൻ കൊണ്ട് വന്നു. ക്രിസ്തുവിന് ആരെയും ഉപേക്ഷിക്കുവാൻ സാദ്ധ്യമല്ല. തോമസിന്റെ സംശയം മാറ്റുകയും തള്ളിപ്പറഞ്ഞവനെ സത്യവിശ്വാസത്തിന്റെ പുത്തൻ പന്തക്കുസ്താ അനുഭവത്തിലേയ്ക്കും വിശ്വാസ സാക്ഷ്യത്തിന്റെ ബലിപീഠത്തിലേക്കും ക്രിസ്തു നയിക്കുന്നു. ക്രിസ്തീയ പ്രത്യാശ ഇതൊന്നു മാത്രമാണ്, അതായത് ദൈവം നമ്മെ ആരെയും തള്ളിക്കളയാതെ ഒരു സഹായകനെ അയച്ച് നമ്മെ ധൈര്യപ്പെടുത്തുന്നു.

ക്രിസ്തുവിന്റെ മരണം രക്ഷയുടെ പിറവി ഉണ്ടാകാനുള്ള ഒരു പ്രസവ വേദന പോലെ ആയിരിക്കുമെന്ന് ക്രിസ്തു സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ മരണം ദുഃഖം ഉളവാക്കിയെങ്കിലും ആ ദുഃഖം വരാനിരിക്കുന്ന രക്ഷയുടെ നാന്ദി മാത്രമായിരുന്നു. കാരണം മരണപ്പെട്ടവരെല്ലാം ക്രിസ്തുവിന്റെ ഉയിർപ്പിനാൽ പുതുജീവൻ പ്രാപിച്ചു. "എന്നാൽ നമ്മൾ പാപം വഴി മരിച്ചവരായിരുന്നിട്ടും കരുണാസമ്പന്നനായ ദൈവം നമ്മോട് കാണിച്ച മഹത്തായ സ്നേഹത്താൽ ക്രിസ്തുവിനോട് കൂടെ നമ്മെ ജീവിപ്പിച്ചു" (എഫേ 2:5-7). നമ്മുടെ ജീവിത ക്ലേശങ്ങളിൽ തളരാതെ കരുത്തുള്ളവരാകുവാൻ ക്രിസ്തു നമ്മെ ഓർമ്മിപ്പിക്കുന്നു, ദുഃഖങ്ങൾക്കൊന്നും സ്ഥായിയായ നിലനിൽപ്പില്ല. ദുഃഖത്തിന്റെ കണ്ണുനീരുകളെല്ലാം സന്തോഷാശ്രുക്കളായി മാറ്റുന്നവനാണ് ക്രിസ്തുവെന്ന് മനസ്സിലാക്കിയാൽ നമുക്ക് സമാധാനം അനുഭവിക്കുവാൻ കഴിയും. "ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലതും നന്മയ്ക്കായി തീർക്കുന്നു." (റോമ 8:ഃ-28)

കർത്താവിന്റെ കുരിശ് മരണവും ശൂന്യവൽക്കരണവും നമ്മെ പഠിപ്പിക്കുന്ന ഒരു പാഠമുണ്ട്. എല്ലാ സഹനവും കുരിശും തകർച്ചയും മഹത്വത്തിലേക്കുള്ള വിളിയാണ്. എല്ലാ കുരിശിന്റെ വഴികളും പറുദീസയുടെ കവാടത്തിലേക്ക് നമ്മെ നയിക്കുന്നു. ഈ വഴിയിൽ കാവലായി നമുക്കൊരു സഹായകനുണ്ട്. ഗത്സമേനിയിൽ ആശ്വാസത്തിന്റെ ദൂതനായും കുരിശ് വഹിക്കുന്ന ശിമയോനായും മുഖം തുടയ്ക്കുന്ന വെറോനിക്കയായും ഒടുവിൽ ഒരു അരിമത്തിയാക്കാരനായും ഈ നിത്യസഹായകനെ നാം തിരിച്ചറിയുന്നു. ഈ ജീവിത യാത്രയിൽ അഷ്ടസൗഭാഗ്യങ്ങൾ നമുക്ക് കൂട്ടാകുന്നു. നമ്മെ ആർക്കും തകർക്കാനാവില്ല, കർത്താവിനൊഴിച്ച്. പ്രത്യാശ നഷ്ടപ്പെടാതെ അവസാനം വരെ സഹിച്ച് നിൽക്കുവാനും, ശൂന്യതയിലെ സൃഷ്ടിയും, ഹാഗാറിനു കിട്ടിയ പ്രത്യാശയുടെ നീരൊഴുക്കും തിരിച്ചറിയുവാനും അഞ്ചപ്പം അയ്യായിരമായി പെരുകുന്നത് കാണുവാനും നമുക്കാകണമെങ്കിൽ സഹനശക്തിയും ക്ഷമയും നാം ആർജ്ജിക്കേണ്ടിയിരിക്കുന്നു.

നമ്മെ ജീവിതത്തിൽ നിലനിർത്തുന്നത് ദൈവാശ്രയ ബോധം മാത്രമാണ്. ദൈവം നമുക്ക് വേണ്ടി സകലതും കരുതുന്നു. ചോദിച്ചാൽ അവിടുന്ന് സകലതും നമുക്ക് നൽകുന്നു. കടുക് മണിയുടെയെങ്കിലും വലിപ്പമുള്ള വിശ്വാസത്തോടുകൂടി വേണം നാം ചോദിക്കേണ്ടത്. പലപ്പോഴും അവിശ്വാസം നിമിത്തം നാം ചോദിക്കുന്നില്ല. അഥവാ ചോദിച്ചാൽ തന്നെ പത്രോസിനെ പോലെ അവിശ്വാസത്തോടെയാണ് നാം ചോദിക്കാറുള്ളതും. ഇനി മുതൽ കണ്ണുമടച്ച് അവന്റെ വാക്കുകൾ വിശ്വസിക്കുക, അവൻ പറയുന്നത് പോലെ മാത്രം ചെയ്യുക. അപ്പോൾ അദ്ഭുതങ്ങൾ നമ്മൾക്ക് ദർശിക്കുവാൻ കഴിയും. കരുതുന്ന കരുണയുള്ള ദൈവത്തിന്റെ കരങ്ങളിൽ നമുക്ക് നമ്മെ സമർപ്പിക്കാം. ഒരുപക്ഷെ ലോകം നമ്മെ ഉപേക്ഷിച്ചാലും ഉറ്റവർ മറന്നാലും എന്നെ കരുതുന്ന ഒരു ദൈവമുണ്ടെന്ന് നാം മറക്കരുത്. ദൈവം തന്റെ പരിശുദ്ധാത്മാവിലൂടെ ഇന്നും നമ്മെ സ്നേഹിക്കുന്നു, പരിപാലിക്കുന്നു, കരുതുന്നു. കാത്തിരിപ്പിന്റെ കാലത്ത് പ്രത്യാശയോടെ പരിശുദ്ധാത്മാവിന്റെ വരവിനായി നമുക്ക് കാത്തിരിക്കാം.